ബോർഡ് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. ബാക്കിവരുന്ന കമ്മി റഗുലേറ്ററി അസറ്റായി കണക്കാക്കാനും കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെയും വൈദ്യുതി വാങ്ങൽച്ചെലവ് കുറയ്ക്കുന്നതിലൂടെയും വൈദ്യുതി ബോർഡിന്റെ കമ്മി ഘട്ടംഘട്ടമായി കുറയ്ക്കാനുമാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്.

കായംകുളം താപനിലയത്തിൽനിന്നുള്ള വൈദ്യുതി

7 (6458) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപനിലയത്തിന്റെ നിലവിലെ ശേഷി എത്രയാണ് ; അതിൽ കേരളത്തിന്റെ വിഹിതം എത്രയാണെന്ന് അറിയിക്കുമോ ;

(ബി) കായംകുളം താപനിലയത്തിൽനിന്ന് പ്രതിവർഷം എത്ര വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും ; ഇതിൽ കഴിഞ്ഞ വർഷം എത്ര വൈദ്യുതി ഉൽപാദിപ്പിക്കുകയുണ്ടായി ; ഇതിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളം ഉപയോഗിച്ചത് ;

(സി) കായംകുളം നിലയത്തിന്റെ ശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിന് പ്രയാസമെന്താണെന്ന് അറിയിക്കുമോ ;

(ഡി) കായംകുളത്തുനിന്നുള്ള വിലകൂടിയ വൈദ്യുതി ഉപയോഗിക്കുന്നതിലെ നഷ്ടം പരിഹരിക്കുന്നതിന് മറ്റേതെങ്കിലും നിലയങ്ങളിൽനിന്ന് വൈദ്യുതി വിഹിതം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലെ ശേഷി 359.58 മെഗാവാട്ടാണ്. അത് മുഴുവനും കേരളത്തിനാണ്.

(ബി) ഒരുവർഷം 2677 ദശലക്ഷം യൂണിറ്റ് വൈദ്യുതി വ്യവസ്ഥാപിതമായ രീതികൾപ്രകാരം ഉൽപ്പാദിപ്പിക്കാവുന്നതാണ്. 2013-14 സാമ്പത്തികവർഷത്തിൽ 947.152 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 327.383 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേരളം ഉപയോഗിച്ചിട്ടുണ്ട്.

(സി) കായംകുളം നിലയത്തിൽനിന്നുള്ള വൈദ്യുതിയുടെ ഇന്ധനവില യൂണിറ്റൊന്നിന് 12.50 രൂപയിലും കൂടുതലാണ്. സംസ്ഥാനത്ത് റെഗുലേറ്ററി കമ്മീഷൻ രൂപീകൃതമായതിനുശേഷം വൈദ്യുതി ബോർഡിന്റെ വൈദ്യുതി വാങ്ങൽ കമ്മീഷന്റെ അധികാരത്തിന് വിധേയമാണ്. റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി വാങ്ങൽ കർശനമായും മെറിറ്റ് ഓർഡറിൽ വേണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വാങ്ങൽ ചെലവ് പരമാവധി കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിക്കുന്നതിന്റേയും ഭാഗമായാണ് കായംകുളം നിലയത്തിന്റെ ശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കായംകുളത്തുനിന്നുള്ള വിലകൂടിയ വൈദ്യുതി ഉപയോഗിക്കുന്നതിലെ നഷ്ടം പരിഹരിക്കുന്നതിന് താൽച്ചറിൽനിന്ന് 180 മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്.

ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ

8 (6459) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ് ; വ്യക്തമാക്കുമോ ;

(ബി) നിശ്ചിത ദിവസങ്ങളിൽ മാത്രം പ്രവർത്തിക്കുകയും ടൂറിസ്റ്റുകളുടെ എണ്ണത്തിലും വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുള്ള ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ് ;

(സി) വർഷംതോറുമുണ്ടാകുന്ന ടൂറിസ്റ്റുകളുടെ വർദ്ധനവും വരുമാനത്തിലെ വർദ്ധനവും കണക്കിലെടുത്ത് ശനിയും ഞായറും മറ്റ് അവധി ദിവസങ്ങളിലും കൂടി പ്രസ്തുതകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ഹൈഡൽ ടൂറിസം സെന്റർ സംസ്ഥാനത്ത് മൂന്ന് മേഖലകളായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. മൂന്നാർ, മലബാർ, തെക്കൻ എന്നിങ്ങനെയാണ് മേഖലകൾ.

മൂന്നാർ മേഖലയിൽ,

1. ഹൈഡൽ പാർക്ക്, മൂന്നാർ.
2. സൺമൂൺ വാലി ബോട്ടിംഗ് സെന്റർ, മാട്ടുപ്പെട്ടി.
3. എക്കോ പോയിന്റ് ബോട്ടിംഗ് സെന്റർ, പാലാർ.
4. ട്രൗട്ട്ലെഗൂൺ ബോട്ടിംഗ് സെന്റർ, കണ്ടള.
5. ഡ്യൂവാലി ബോട്ടിംഗ് സെന്റർ, ശെങ്കുളം.
6. നാടുകാണി പവലിയൻ തുടങ്ങിയവയും.

മലബാർ മേഖലയിൽ ബാണാസുരസാഗർ (വയനാട്) ഹൈഡൽ ടൂറിസവും തെക്കൻ മേഖലയിൽ തിരുവനന്തപുരത്ത് പാപ്പനാടിനുസമീപം പോവർ മീൻമുട്ടി ഹൈഡൽ ടൂറിസം എന്നിവയുമാണ് സംസ്ഥാനത്തെ പ്രധാന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly